സർവെയും ഭൂരേഖയും വകുപ്പ്

ആർ.എഫ്.പി ഡോക്യുമെന്റ്

ഡിജിറ്റൽ ലാൻഡ് സർവെ 2.0 യുടെ IEC പ്രവർത്തനങ്ങളും, സർവെ വകുപ്പിന്റെ പ്രധാന ക്യാമ്പയിനുകൾക്കുമായി പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയെ തെരഞ്ഞെടുക്കൽ

ഉള്ളടക്കം

1. ടെണ്ടർ വിജ്ഞാപനം / പ്രൊപോസല് ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് (NIT)................................ 1

2. പശ്ചാത്തലവും പദ്ധതി വിവരങ്ങളും... 3

3. IEC ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ.. 5

4. Comprehensive Scope of Work - SoW... 5

4.1 ക്യാമ്പയിൻ നയരൂപീകരണം, സങ്കല്പം & വിഷ്വൽ ഐഡന്റിറ്റി... 6

4.2 ഡിജിറ്റൽ, സോഷ്യൽ മീഡിയ & വിശദീകരണ ഉള്ളടക്കങ്ങൾ... 6

4.3 ഉന്നത നിലവാരത്തിലുള്ള വീഡിയോ & ഓഡിയോ-വിഷ്വൽ നിർമ്മാണം... 6

4.4 മാധ്യമ ബന്ധങ്ങളും പബ്ലിക് റിലേഷൻസും (PR)... 7

4.5 ക്രൈസിസ് മാനേജ്മെന്റും വ്യാജവാർത്താ പ്രതിരോധ സെല്ലും.. 7

4.7 മൊബൈൽ പ്രചാരണ വാഹനം (താലൂക്ക് , വില്ലേജ് തല പര്യടനം)... 7

4.8 സംവേദനാത്മക എഫ്.എം റേഡിയോ ക്യാമ്പയിൻ.. 8

5. ബിഡ്ഡറുടെ യോഗ്യതാ മാനദണ്ഡങ്ങൾ (Pre Qualification

Criteria)... 8
6. മൂല്യനിർണ്ണയ ചട്ടക്കൂട് (Evaluation Methodology)... 9
7. ബിഡ് സമർപ്പണ മാർഗ്ഗനിർദ്ദേശങ്ങളും പൊതുവായ വ്യവസ്ഥകളും.. 13
8. ആവശ്യകതകളുടെ പട്ടികയും ധനകാര്യ ബിഡ് ഫോർമാറ്റും... 14
9. പേയ്മെന്റ് നിബന്ധനകൾ (Payment Terms):... 18
Standard Submission Annexures... 18
Annexure 1: Bid Covering Letter.. 19
Annexure 2: Bidder Identification & Information Sheet... 20
Annexure 3: Undertaking on Non-Blacklisting & Integrity Pact.. 21
Annexure 4: Financial Bid Undertaking & Form of Price Schedule.. 23
Annexure 5: Format for Bank Guarantee for Performance Security... 30

1. ടെണ്ടർ വിജ്ഞാപനം / പ്രൊപോസല് ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് (NIT)

കേരളത്തിലുടനീളം നടപ്പിലാക്കുന്ന "ഡിജിറ്റൽ ലാൻഡ് സർവെ 2.0" പദ്ധതിക്കായി സമഗ്രമായ വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) പ്രചാരണങ്ങളും പ്രധാന മാധ്യമ കാമ്പയിനും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി പരിചയസമ്പന്നരായ കമ്മ്യൂണിക്കേഷൻ, മീഡിയ, പബ്ലിക് റിലേഷൻസ് ഏജൻസികളിൽ നിന്നും കേരള സർക്കാർ സർവെ & ലാൻഡ്

റെക്കോർഡ്സ് ഡയറക്ടർ കവർ സമ്പ്രദായത്തിൽ (PQ മാനദണ്ഡങ്ങള് സാങ്കേതിക ബിഡ്, ധനകാര്യ ബിഡ്) നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു (L1 Selection based on Technical Qualification under Three-Cover System).

ഡിജിറ്റൽ സർവെ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെയും, റവന്യൂ (ഇ) വകുപ്പിന്റെ 03.10.2026-ലെ സ.ഉ.(സാധാ) നം. 1967/2026/RD നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ഈ പ്രൊപ്പോസൽ ക്ഷണിക്കുന്നത്.

ഡിജിറ്റൽ സർവെ സംബന്ധമായ വിവരങ്ങൾ ലളിതവും ജനസൗഹൃദവുമായ രീതിയിൽ പൊതുജനങ്ങളിലേക്ക് വ്യാപകമായി എത്തിക്കുന്നതിനും, തെറ്റിദ്ധാരണകൾ അകറ്റി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, പബ്ലിക് റിലേഷൻസ് (PR), മീഡിയ റിലേഷൻസ്, ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ, കണ്ടന്റ് ഡെവലപ്മെന്റ്, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ക്രൈസിസ് കമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഒരു പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയുടെ സേവനം പ്രയോജനപ്പെടുത്തി "ഡിജിറ്റൽ ലാൻഡ് സർവെ 2.0" ക്ക് ആവശ്യമായ സമഗ്ര ഐ.ഇ.സി & സ്ട്രാറ്റജിക് മീഡിയ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനാണ് യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും ഈ ടെണ്ടര് (RFP) ക്ഷണിക്കുന്നത്.

ക്രമ നമ്പർ	ഘടകം	വിശദാംശങ്ങൾ
1	പ്രവൃത്തിയുടെ പേര്	ഡിജിറ്റൽ ലാൻഡ് സർവെ 2.0 യുടെ IEC പ്രവര്ത്തനങ്ങളും, സർവെ വകുപ്പിന്റെ പ്രധാന ക്യാമ്പയിനുകൾക്കുമായി പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയെ തെരഞ്ഞെടുക്കൽ (നമ്പർ: DSLR/2185/2026-L1)

2	ചുമതലപ്പെടുത്തുന്ന അതോറിറ്റി	സർവെ ഡയറക്ടർ, സർവെ & ലാൻഡ് റെക്കോർഡ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3	പ്രവർത്തന പരിധി	കേരളത്തിലെ 14 ജില്ലകളും (സംസ്ഥാന, ജില്ലാ, താലൂക്ക്, വില്ലേജ് തലങ്ങളിൽ)
4	ബിഡ്ഡിംഗ് രീതി	3-കവർ സമ്പ്രദായം (Cover A: PQ മാനദണ്ഡങ്ങൾ, Cover B: സാങ്കേതിക ബിഡ്, Cover C: ധനകാര്യ ബിഡ്)
5	തിരഞ്ഞെടുപ്പ് രീതി	Quality Based Least Cost Selection (L1 Selection based on Technical Qualification under Three-Cover System)
6	കരാർ കാലാവധി	പ്രാഥമികമായി 12 മാസം; പ്രവർത്തനക്ഷമത വിലയിരുത്തൽ, വകുപ്പിന്റെ ആവശ്യങ്ങൾ, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി നീട്ടിനൽകാവുന്നതാണ്
7	പെർഫോമൻസ് സെക്യൂരിറ്റി	₹1,00,000/- (ഒരു ലക്ഷം രൂപ)
8	ടെൻഡർ പ്രസിദ്ധീകരിക്കുന്ന തീയതി	07-10-2026
9	പ്രീ-ബിഡ് മീറ്റിംഗ്	12-10-2026 രാവിലെ 11:00 മണിക്ക് (സർവേ ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച്)/Online
10	സമർപ്പിക്കേണ്ട വിധം	സർവെ ഡയറക്ടറേറ്റിലേക്ക് മുദ്രവെച്ച മാസ്റ്റർ കവറിൽ 15-10-2026 ന വൈകുന്നേരം 03:00 മണിക്ക് മുൻപായി നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന കവറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
11	PQ evaluation	Pre Qualification പരിശോധിക്കുന്നത് 15-10-2026 ന വൈകുന്നേരം 03:00 മണിക്ക് ശേഷം നടത്തുന്നതാണ്.

12	Technical Evaluation Date	Pre Qualification യോഗ്യത നേടിയവര് 16-10-2026 രാവിലെ 10:30 മണിക്ക് സർവേ ഡയറക്ടറേറ്റിൽ ഹാജരായി Technical Evaluation ന്റെ ഭാഗമായ അവതരണം നടത്തേണ്ടതാണ്. അന്നേ ദിവസം തന്നെ Technical Evaluation പൂർത്തിയാക്കുന്നതാണ്.
13	Financial Bid Opening Date	Technical Evaluation-ൽ യോഗ്യത നേടിയ ഏജൻസികളുടെ ഫിനാൻഷ്യൽ ബിഡ് (Cover C) 16-10-2026 വൈകുന്നേരം 04:00 മണിക്ക് സർവേ ഡയറക്ടറേറ്റിൽ വെച്ച് തുറക്കുന്നതാണ്.

The Director of Survey reserves the right to accept or reject any or all bids, postpone or amend the tender dates and time, or cancel the entire tender process at any stage without assigning any reasons whatsoever, and shall not be liable for any consequences arising therefrom.

2. പശ്ചാത്തലവും പദ്ധതി വിവരങ്ങളും

ആധുനികവും സുതാര്യവും കാര്യക്ഷമവും ജനകേന്ദ്രീകൃതവുമായ ഒരു ഭൂരേഖാ സംവിധാനം രൂപീകരിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ 'ഡിജിറ്റൽ സർവെ 1.0' പദ്ധതിയുടെ പ്രാരംഭ അനുഭവങ്ങൾ ഉൾക്കൊണ്ടും പ്രക്രിയകളിലെ തടസ്സങ്ങൾ പരിഹരിച്ചുകൊണ്ടും, **'ഭൂമിയുടെ കൃത്യമായ രേഖകൾ ജനങ്ങളുടെ അവകാശം'** എന്ന മുദ്രാവാക്യത്തോടെ ഡിജിറ്റൽ ലാൻഡ് സർവെ 2.0 പദ്ധതിക്ക് 2026 നവംബർ 1-ന് തുടക്കം കുറിക്കുകയാണ്.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പൊതുജനങ്ങളുടെ മുൻകൂർ പങ്കാളിത്തവും സജീവ സഹകരണവും അത്യന്താപേക്ഷിതമായതിനാൽ, പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാനവ്യാപകമായി വിപുലമായ IEC പ്രവർത്തനങ്ങളും ജനസമ്പർക്ക പരിപാടികളും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായി പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയെ കാലതാമസമില്ലാതെ നിയോഗിച്ച് പ്രവർത്തനങ്ങൾ

സമയബന്ധിതമായി ആരംഭിക്കേണ്ടത് സർക്കാരിന്റെ ഉയർന്ന മുൻഗണനാ വിഷയമായതിനാലാണ് ഈ ടെൻഡർ നടപടികൾ പ്രത്യേക മുൻഗണന നൽകി വേഗത്തിൽ പൂർത്തിയാക്കുന്നത്.

പൂർണ്ണമായും പേപ്പർരഹിതവും കൃത്യതയാർന്നതുമായ കഡാസ്ട്രൽ സർവെ നടപ്പിലാക്കുന്നതിനായി CORS (കണ്ടിന്യൂവസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ്), RTK (റിയൽ-ടൈം കൈനമാറ്റിക്) റോവറുകൾ, റോബോട്ടിക് ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻസ് (R-ETS) തുടങ്ങിയ ആധുനിക സർവെ സാങ്കേതികവിദ്യകളാണ് ഡിജിറ്റൽ ലാൻഡ് സർവെ 2.0 ഉപയോഗപ്പെടുത്തുന്നത്. ഈ സർവെ പ്രക്രിയ റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ പ്രധാന ഭൂവകുപ്പുകളെ സംയോജിപ്പിക്കുന്ന 'എന്റെ ഭൂമി' എന്ന ഏകജാലക പോർട്ടൽ വഴി (ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവുമായി - ILIMS) ബന്ധിപ്പിച്ചിരിക്കുന്നു. നിരന്തരം update ചെയ്യുന്ന മാപ്പ് റിക്കോർഡുകള് (ഡിജിറ്റൽ പ്രീ-മ്യൂട്ടേഷൻ സ്കെച്ചും - DPMS), ഓൺലൈന് ആയുള്ള പരാതി പരിഹാര സംവിധാനങ്ങളും (ഡിജിറ്റൽ ലാൻഡ് റെക്കോർഡ്സ് മെയിന്റനൻസ് - D-LRM) മൊഡ്യൂളും ഇതിന്റെ സുപ്രധാന സവിശേഷതകളാണ്. ഭൂമിയുടെ മാപ്പുകളെ ഉടമസ്ഥാവകാശ രേഖകളുമായി സംയോജിപ്പിക്കുന്നതിലൂടെ തത്സമയ ഭൂരേഖാ പുതുക്കൽ, സുഗമമായ അതിർത്തി നിർണ്ണയം, തർക്കപരിഹാരം എന്നിവ വേഗത്തിലാക്കാൻ സാധിക്കുന്നു. ഇത് വകുപ്പുകൾ ഏകോപനം സാധ്യമാക്കി സർവെയ്ക്ക് ശേഷമുള്ള ഭൂമി പോക്കുവരവ് (mutation), രജിസ്ട്രേഷൻ, രേഖകളുടെ ലഭ്യത എന്നിവ സുരക്ഷിതവും സുതാര്യവുമാക്കുകയും ചെയ്യുന്നു.

ഡിജിറ്റൽ ലാൻഡ് സർവെ 2.0-ന്റെ പൂർണ്ണ വിജയം ജനങ്ങളുടെ സജീവ സഹകരണം, സർവെ സമയത്തെ സാന്നിധ്യം, കൃത്യമായ അതിർത്തി

നിർണ്ണയം, രേഖകളുടെ പരിശോധന എന്നിവയെ ആശ്രയിച്ചിരിക്കുന്നു. അതിലൂടെ 'Zero land complaint' എന്നതാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള തെറ്റിദ്ധാരണകൾ അകറ്റുന്നതിനും, കൃത്യമായ മാധ്യമ സമ്പർക്കം ഉറപ്പാക്കുന്നതിനും, വ്യാജവാർത്തകളെ പ്രതിരോധിക്കുന്നതിനും, പൊതുവിശ്വാസം ആർജ്ജിക്കുന്നതിനുമായി പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയുടെ സേവനം വകുപ്പ് തേടുന്നു.

3. IEC ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ

1. **ബഹുജന അവബോധം:** ഡിജിറ്റൽ സർവെയുടെ പ്രയോജനങ്ങൾ, നടപടിക്രമങ്ങൾ, നിയമപരമായ സുരക്ഷിതത്വം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.
2. **ലളിതമായ ആശയവിനിമയം:** സർവെയുടെ സങ്കീർണ്ണമായ സാങ്കേതിക-നിയമ നടപടിക്രമങ്ങൾ ലളിതവും പ്രാദേശികവുമായ ശൈലിയിൽ ചിത്രങ്ങളിലൂടെയും വീഡിയോകളിലൂടെയും പൊതുജനങ്ങളിലേക്ക് എത്തിക്കുക.
3. **ഭൂവുടമകളുടെ സജീവ പങ്കാളിത്തം:** അതിർത്തി നിർണ്ണയത്തിലും രേഖാ പരിശോധനയിലും സർവെ സമയത്ത് സ്വന്തം സ്ഥലത്ത് സാന്നിധ്യം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഭൂവുടമകളെ ബോധ്യപ്പെടുത്തുക.
4. **'എന്റെ ഭൂമി' പോർട്ടൽ പ്രചാരണം:** ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തൽ, പരാതികൾ/ആക്ഷേപങ്ങൾ സമർപ്പിക്കൽ, ഡിജിറ്റൽ സ്കെച്ചുകൾ ഡൗൺലോഡ് ചെയ്യൽ എന്നിവയെക്കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുക.
5. **ഏകീകൃത വിഷൽ & സ്ട്രാറ്റജിക് ഐഡന്റിറ്റി:** അച്ചടി, ദൃശ്യ, സോഷ്യൽ മീഡിയ, ഔട്ട്ഡോർ പ്രചാരണങ്ങളിലുടനീളം പദ്ധതിക്ക് ഏകീകൃതമായ ഒരു ശൈലിയും രൂപവും ഉറപ്പാക്കുക.
6. **വ്യാജവാർത്താ പ്രതിരോധവും ക്രൈസിസ് മാനേജ്മെന്റും:** മാധ്യമങ്ങളിലും

സോഷ്യൽ മീഡിയയിലും തെറ്റായ വിവരങ്ങളോ പ്രചാരണങ്ങളോ ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും തത്സമയം കൃത്യമായ വിവരങ്ങൾ നൽകി തിരുത്തുകയും ചെയ്യുക.

7. **വികേന്ദ്രീകൃത ജില്ലാ-താലൂക്ക് തല പ്രചാരണം:** സംസ്ഥാനതല പ്രചാരണങ്ങൾക്ക് പുറമെ പ്രാദേശിക ജനസമ്പർക്ക പരിപാടികളും മൊബൈൽ പ്രചാരണ വാഹനങ്ങളും ഉപയോഗിച്ച് താലൂക്ക്, വില്ലേജ് തലത്തിലും ബോധവൽക്കരണം ശക്തമാക്കുക.

4. Comprehensive Scope of Work - SoW

തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി വകുപ്പിന്റെ തന്ത്രപ്രധാന കമ്മ്യൂണിക്കേഷൻ-ക്രിയേറ്റീവ് വിഭാഗമായി പ്രവർത്തിക്കേണ്ടതാണ്.

4.1 ക്യാമ്പയിൻ നയരൂപീകരണം, സങ്കല്പം & വിഷൽ ഐഡന്റിറ്റി

7. മൾട്ടി-ചാനൽ കമ്മ്യൂണിക്കേഷൻ തന്ത്രം, ബ്രാൻഡിംഗ് മാനുവൽ, വിഷൽ തീമുകൾ, ടാഗ്‌ലൈനുകൾ, Style Guides എന്നിവ തയ്യാറാക്കുക.
8. വിവിധ വിഭാഗം Stakeholders നെ (കർഷകർ, നഗരവാസികൾ, പ്രവാസി മലയാളികൾ, ദുർബല വിഭാഗങ്ങൾ കൂടാതെ വിവിധ സർക്കാര് വകുപ്പുകളെ/ഏജൻസികളെ) ലക്ഷ്യമിട്ടുള്ള പ്രചാരണങ്ങൾ ആസൂത്രണം ചെയ്യുക.
9. പ്രതിമാസ, ത്രൈമാസ ആശയവിനിമയ കലണ്ടർ രൂപീകരിക്കുകയും പരിപാലിക്കുകയും ചെയ്യുക.

4.2 ഡിജിറ്റൽ, സോഷ്യൽ മീഡിയ & വിശദീകരണ ഉള്ളടക്കങ്ങൾ

7. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ്, എക്സ് (ട്വിറ്റർ), വാട്സാപ്പ് ചാനലുകൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾക്കായി മികച്ച ഉള്ളടക്കങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക.
8. ആകർഷകമായ സ്റ്റാറ്റിക് കാർഡുകൾ, ഇൻഫോഗ്രാഫിക്സുകൾ,

വിശദീകരണ ഗ്രാഫുകൾ, ഫ്ലോചാർട്ടുകൾ എന്നിവ നിർമ്മിക്കുക.

9. ഔദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുക, പ്രേക്ഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുക, സെർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ (SEO) നിർവ്വഹിക്കുക, ഓൺലൈൻ സോഷ്യൽ മീഡിയ പ്രമോഷൻ.

4.3 ഉന്നത നിലവാരത്തിലുള്ള വീഡിയോ & ഓഡിയോ-വിഷ്വൽ നിർമ്മാണം

7. ടിവി, തിയേറ്ററുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്കായി 30 സെക്കൻഡ്, 60 സെക്കൻഡ് ദൈർഘ്യമുള്ള ഹൈ-ഡെഫനിഷൻ ബോധവൽക്കരണ പരസ്യങ്ങൾ തയ്യാറാക്കുക.
8. 'എന്റെ ഭൂമി' പോർട്ടൽ ഉപയോഗം വിശദീകരിക്കുന്ന ആനിമേഷൻ/മോഷൻ ഗ്രാഫിക്സ് വീഡിയോകൾ നിർമ്മിക്കുക.
9. ജനങ്ങളുടെ അനുഭവസാക്ഷ്യങ്ങൾ ("ഡിജിറ്റൽ സർവെ അനുഭവങ്ങൾ / Digital Survey Stories") ഉൾപ്പെടുത്തിയുള്ള ചെറുചിത്രങ്ങളും ഡോക്യുമെന്ററികളും തയ്യാറാക്കുക.
10. വകുപ്പിന്റെ ഔദ്യോഗിക അറിയിപ്പുകൾ, പരിശീലന പരിപാടികൾ, പത്രസമ്മേളനങ്ങൾ എന്നിവ ചിത്രീകരിക്കുകയും എഡിറ്റ് ചെയ്യുകയും ചെയ്യുക.

4.4 മാധ്യമ ബന്ധങ്ങളും പബ്ലിക് റിലേഷൻസും (PR)

7. പത്രക്കുറിപ്പുകൾ, ഫീച്ചറുകൾ, ആർട്ടിക്കിളുകൾ എന്നിവ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കി പ്രമുഖ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുക.
8. സംസ്ഥാനതല പത്രസമ്മേളനങ്ങൾ, ടെലിവിഷൻ ചർച്ചകൾ, ഉന്നത ഉദ്യോഗസ്ഥരുടെ അഭിമുഖങ്ങൾ എന്നിവ ഏകോപിപ്പിക്കുക.
9. പദ്ധതിയെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിലും ടിവി ചാനലുകളിലും ഓൺലൈൻ പോർട്ടലുകളിലും 24 മണിക്കൂറും നിരീക്ഷിക്കുക (Media Tracking). വരുന്ന വാർത്തകൾ ശേഖരിച്ച് അവ പോസിറ്റീവാണോ

നെഗറ്റീവാണോ തെറ്റിദ്ധാരണാജനകമാണോ എന്ന് വിശകലനം ചെയ്ത് വകുപ്പിന് കൃത്യമായ പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുക, സോഷ്യൽ മീഡിയ നിരീക്ഷണവും കമന്റുകൾ/പ്രതികരണങ്ങൾ കൈകാര്യം ചെയ്യലും, സോഷ്യൽ മീഡിയ ഹ്രസ്വ വീഡിയോകൾ (Reels).

4.5 ക്രൈസിസ് മാനേജ്മെന്റും വ്യാജവാർത്താ പ്രതിരോധ സെല്ലും

7. സോഷ്യൽ മീഡിയ വഴിയോ അല്ലാതെയോ പ്രചരിക്കുന്ന തെറ്റായ വിവരങ്ങളും ആശങ്കകളും മുൻകൂട്ടി കണ്ടെത്താൻ സോഷ്യൽ ലിസണിംഗ് സെൽ പ്രവർത്തിപ്പിക്കുക.
8. വകുപ്പിന്റെ മുൻകൂർ അനുമതിയോടെ ഇത്തരം തെറ്റായ പ്രചാരണങ്ങൾക്ക് എതിരെ കൃത്യമായ മറുപടികളും ഫാക്ട്-ചെക്ക് കാർഡുകളും അടിയന്തരമായി നൽകുക.
9. പൊതുജനങ്ങളിൽ പദ്ധതിയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സർവെയുമായി സഹകരിപ്പിക്കുന്നതിനും സഹായിക്കുന്ന വീഡിയോ സന്ദേശങ്ങളും അച്ചടി പരസ്യങ്ങളും തയ്യാറാക്കുക.

4.7 മൊബൈൽ പ്രചാരണ വാഹനം (താലൂക്ക് , വില്ലേജ് തല പര്യടനം)

7. ഔട്ട്ഡോർ ഹൈ-ഡെഫനിഷൻ LED വീഡിയോ വാൾ, സൗണ്ട് സിസ്റ്റം, ജനറേറ്റർ ബാക്കപ്പ്, ഇൻഫർമേഷൻ ബൂത്ത് എന്നിവ സജ്ജീകരിച്ച പ്രത്യേക മൊബൈൽ പ്രചാരണ വാഹനങ്ങൾ ഒരുക്കുക.
8. 14 ജില്ലകളിലെയും താലൂക്കുകളിലും, വില്ലേജുകളിലും പര്യടനം നടത്തുക; വീഡിയോ പ്രദർശനങ്ങൾ, സർവെ ഉപകരണങ്ങളുടെ (RTK, R-ETS) മാതൃകാ പ്രദർശനം, ചോദ്യോത്തര വേളകൾ, ലഘുലേഖ വിതരണം എന്നിവ സംഘടിപ്പിക്കുക.

4.8 സംവേദനാത്മക എഫ്.എം റേഡിയോ ക്യാമ്പയിൻ

7. പ്രധാന എഫ്.എം ചാനലുകളിലൂടെ പ്രൈം-ടൈമിൽ പ്രക്ഷേപണം ചെയ്യുന്നതിനായി 15/30 സെക്കൻഡ് റേഡിയോ ജിംഗിളുകൾ നിർമ്മിക്കുക.

8. റവന്യൂ/സർവെ വിദഗ്ധർ പങ്കെടുക്കുന്ന തത്സമയ ഫോൺ-ഇൻ പരിപാടികൾ ഏകോപിപ്പിക്കുകയും ജനങ്ങളുടെ സംശയങ്ങൾക്ക് നേരിട്ട് മറുപടി നൽകുകയും ചെയ്യുക.
9. ആർ.ജെ (RJ) മെൻഷനുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ റേഡിയോ വഴി സംഘടിപ്പിക്കുക.

5. ബിഡ്ഡറുടെ യോഗ്യതാ മാനദണ്ഡങ്ങൾ (Pre Qualification Criteria)

സാങ്കേതിക മൂല്യനിർണ്ണയത്തിന് അർഹത നേടുന്നതിന് ബിഡ്ഡർമാർ ഇനിപ്പറയുന്ന നിബന്ധനകൾ നിർബന്ധമായും പാലിച്ചിരിക്കണം:

1. **പ്രവർത്തന പരിചയം:** കഴിഞ്ഞ 3 വർഷത്തിനിടെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ, ഏജൻസികൾക്കോ വേണ്ടി സമഗ്രമായ മൾട്ടിമീഡിയ/IEC/PR ക്യാമ്പയിനുകൾ വിജയകരമായി പൂർത്തിയാക്കിയ പരിചയം. ബന്ധപ്പെട്ട വര്ക്ക് ഓര്ഡര്കളുടെ പകര്പ്പുകള് മാസ്റ്റര് കവറിനുള്ളില് Cover A – Pre qualification document എന്ന് പേരെഴുതിയ കവറില് ഉള്പ്പെടുത്തി സമര്പ്പിക്കുക.
2. **കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്ന്:** കേരള സർക്കാരോ കേന്ദ്ര സർക്കാരോ പൊതുമേഖലാ സ്ഥാപനങ്ങളോ സ്ഥാപനത്തെ കരിമ്പട്ടികയിൽ പെടുത്തുകയോ വിലക്കുകയോ ചെയ്തിട്ടുണ്ടാകരുത്. ഇത് സംബന്ധിച്ച സത്യവാങ്മൂലം മുകളില് സൂചിപ്പിച്ച കവറില് ചേര്ത്ത് നല്കുക.
3. കമ്പനിക്ക് കേരളത്തിൽ രജിസ്റ്റർ ചെയ്ത ഓഫീസ് ഉണ്ടായിരിക്കണം.

6. മൂല്യനിർണ്ണയ ചട്ടക്കൂട് (Evaluation Methodology)

സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ താഴെ പറയുന്ന മൂന്ന് ഘട്ടങ്ങളിലായി (Three-Stage Evaluation) സുതാര്യമായി വിലയിരുത്തുന്നതാണ്:

1. ഘട്ടം 1: പ്രീ-ക്വാളിഫിക്കേഷൻ പരിശോധന (Cover A - PQ Evaluation):

ബിഡ്ഡർമാർ സമർപ്പിച്ച അടിസ്ഥാന യോഗ്യതാ രേഖകളും സത്യവാങ്മൂലങ്ങളും പരിശോധിക്കുന്നു. ഈ ഘട്ടത്തിൽ നിർദ്ദിഷ്ട യോഗ്യതകൾ പൂർണ്ണമായും തൃപ്തിപ്പെടുത്തുന്ന സ്ഥാപനങ്ങളെ മാത്രമേ അടുത്ത ഘട്ടത്തിലേക്ക് പരിഗണിക്കുകയുള്ളൂ.

2. **ഘട്ടം 2: സാങ്കേതിക മൂല്യനിർണ്ണയം** (Cover B - Technical Evaluation):

പ്രാഥമിക യോഗ്യത നേടിയ ഏജൻസികളുടെ സാങ്കേതിക സ്ട്രാറ്റജി രേഖ, സാങ്കേതിക കൺസെപ്റ്റ് പ്രസന്റേഷൻ, മാതൃകാ ക്രിയേറ്റീവ് വർക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി ആകെ 100 മാർക്കിൽ വിലയിരുത്തൽ നടത്തുന്നു. ഇതിൽ കുറഞ്ഞത് 60 മാർക്കോ അതിൽ കൂടുതലോ (Minimum 60% Qualifying Marks) നേടുന്ന ഏജൻസികളെ മാത്രമേ സാങ്കേതികമായി യോഗ്യത നേടിയവരായി പ്രഖ്യാപിക്കുകയുള്ളൂ.

3. **ഘട്ടം 3: ധനകാര്യ ബിഡ് തുറക്കലും L1 തെരഞ്ഞെടുപ്പും** (Cover C - Financial Bid & L1 Award):

സാങ്കേതിക മൂല്യനിർണ്ണയത്തിൽ 60 മാർക്കോ അതിൽ കൂടുതലോ നേടി യോഗ്യത നേടിയ സ്ഥാപനങ്ങളുടെ ധനകാര്യ ബിഡുകൾ മാത്രമേ തുറക്കുകയുള്ളൂ. ധനകാര്യ ബിഡിലെ എല്ലാ ഇനങ്ങളുടെയും ആകെത്തുക (Sum Total) അടിസ്ഥാനമാക്കി ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ യോഗ്യതയുള്ള ബിഡ്ഡർക്ക് (Lowest Evaluated L1 Bidder) കരാർ നൽകുന്നതാണ്. സാങ്കേതിക മാർക്ക് അടുത്ത ഘട്ടത്തിലേക്ക് യോഗ്യത നേടുന്നതിന് മാത്രമായിരിക്കും പരിഗണിക്കുന്നത്.

ക്രമ നമ്പർ	മൂല്യനിർണ്ണയ ഘടകം	പരമാവധി മാർക്ക്	വിലയിരുത്തൽ മാനദണ്ഡങ്ങളും രേഖകളും
1	സാങ്കേതിക	20	1 . Subject Understanding & Public

	സ്റ്റാറ്റജിയും പ്രവർത്തന പദ്ധതികളും അടങ്ങുന്ന രേഖ (പരമാവധി 10 പേജ്)		Engagement: ഡിജിറ്റൽ സർവെ 2.0, 'എന്റെ ഭൂമി' പോർട്ടൽ സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ; അതിർത്തി നിർണ്ണയത്തിൽ ഭൂവുടമകളുടെ സാന്നിധ്യവും പങ്കാളിത്തവും ഉറപ്പാക്കാനുള്ള സമീപനം. 2 . Branding & Multi-Channel Media Strategy: ആകർഷകമായ കാമ്പയിൻ സങ്കല്പങ്ങൾ, മുദ്രാവാക്യങ്ങൾ/ടാഗ്‌ലൈനുകൾ; സംസ്ഥാന, ജില്ലാ, വില്ലേജ് തലങ്ങളിൽ അനുയോജ്യമായ മാധ്യമങ്ങളുടെ (പ്രിന്റ്, ടിവി, സോഷ്യൽ മീഡിയ, റേഡിയോ) പൂർണ്ണമായ പ്രവർത്തന പദ്ധതി. *3.* **ഗ്രൗണ്ട് തല ജനസമ്പർക്കവും ടാർഗെറ്റ് ഗ്രൂപ്പ് സമീപനവും** : മൊബൈൽ പ്രചാരണ വാഹനം വഴിയുള്ള നേരിട്ടുള്ള പ്രചാരണം; കർഷകർ, പ്രവാസികൾ (NRKs), അതിർത്തി തർക്കങ്ങളുള്ള ഭൂവുടമകൾ തുടങ്ങിയ വിഭാഗങ്ങളിലേക്ക് പ്രത്യേകമായി സന്ദേശങ്ങൾ എത്തിക്കാനുള്ള പദ്ധതി. 4 . **ക്രൈസിസ് മാനേജ്മെന്റും വ്യാജവാർത്താ പ്രതിരോധവും** : മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വരുന്ന തെറ്റായ പ്രചാരണങ്ങളും ആശങ്കകളും മുൻകൂട്ടി കണ്ടെത്താനും, വസ്തുതാ പരിശോധന (Fact-check) വഴി തത്സമയം പരിഹരിക്കാനുമുള്ള കർമ്മപദ്ധതി. 5. Activity Frequency Calendar & KPIs: 12 മാസത്തെ പ്രവർത്തനങ്ങൾ ഏതേത് ഘട്ടങ്ങളിൽ എത്ര തവണ (Frequency) നടപ്പിലാക്കുമെന്ന ടൈംലൈൻ; കാമ്പയിന്റെ

			ഫലപ്രാപ്തി അളക്കാനുള്ള അളവുകോലുകൾ (KPIs), റിപ്പോർട്ടിംഗ് സംവിധാനങ്ങൾ.
2	സാങ്കേതിക കൺസെപ്റ്റ് പ്രസന്റേഷൻ	40	ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിക്ക് മുമ്പാകെ നടത്തുന്ന 10-15 മിനിറ്റ് പ്രസന്റേഷനില് ഉള്പ്പെടുത്തേണ്ട കാര്യങ്ങള്: 1.**ഏജൻസിയുടെ ഇൻ-ഹൗസ് ശേഷിയും മുൻകാല മികവും :** • സമാനമായ മുൻകാല കാമ്പയിനുകളുടെ വീഡിയോകൾ/പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കൽ/Company profile. • സ്വന്തം പ്രൊഡക്ഷൻ/സ്റ്റുഡിയോ സൗകര്യങ്ങളും പ്രോജക്ടിനായി നിയോഗിക്കുന്ന കോർ ടീമിന്റെ അനുഭവപരിചയവും. 2. **ക്രിയേറ്റീവ് കൺസെപ്റ്റും ഐഡിയകളും:** • ഡിജിറ്റൽ സർവെ 2.0-നായി അവതരിപ്പിക്കുന്ന പുതുമയുള്ള കാമ്പയിൻ തീമുകളും ആശയങ്ങളും. • സങ്കീർണ്ണമായ സർവെ വിവരങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കാനുള്ള ക്രിയേറ്റീവ് മാതൃകകൾ. 3 . **ഗ്രൗണ്ട് തല പ്രവർത്തനങ്ങളുടെ പ്രായോഗിക ആസൂത്രണം:** • മൊബൈൽ പ്രചാരണ വാഹനം, പ്രദർശനങ്ങൾ എന്നിവ താലൂക്ക്/വില്ലേജ് തലത്തിൽ വിജയകരമായി നടപ്പാക്കാനുള്ള രീതി.

			• പ്രാദേശിക മാധ്യമങ്ങളുമായുള്ള സമ്പർക്കവും പൊതുജന പങ്കാളിത്തം ഉറപ്പാക്കാനുള്ള ആശയങ്ങളും. 4. **സോഷ്യൽ മീഡിയ പ്രൊമോഷനും ലൈവ് ക്രൈസിസ് റെസ്പോൺസും :** • കൂടുതൽ ആളുകളിലേക്ക് റീച്ച് എത്തിക്കാനുള്ള സോഷ്യൽ മീഡിയ പ്രമോഷൻ തന്ത്രങ്ങൾ. • വ്യാജവാർത്തകളും വിവാദ ചോദ്യങ്ങളും ഉയർന്നുവന്നാൽ തത്സമയം നൽകുന്ന മറുപടികളുടെ മാതൃകകൾ (Mock Crisis Handling).
3	സാമ്പിൾ ക്രിയേറ്റീവ് വർക്കുകൾ (വീഡിയോ & പോസ്റ്റർ ഡിസൈൻ)	40	**മാതൃകാ വീഡിയോ:** ഡിജിറ്റൽ ലാൻഡ് സർവെ, പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ/പ്രയോജനങ്ങൾ എന്നിവ വിശദീകരിക്കുന്ന 1 മുതൽ 2 മിനിറ്റ് വരെ ദൈർഘ്യമുള്ള മലയാളം വീഡിയോ തയ്യാറാക്കി പ്രദർശിപ്പിക്കണം. • **സോഷ്യൽ മീഡിയ പോസ്റ്റർ:** വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളിലേക്ക് സന്ദേശം എത്തിക്കുന്ന തരത്തിൽ ആകർഷകവും ആശയവ്യക്തതയുള്ളതുമായ സോഷ്യൽ മീഡിയ പോസ്റ്ററുകള് ഡിസൈൻ തയ്യാറാക്കി സമർപ്പിക്കണം.

6.2 ധനകാര്യ ബിഡ് തുറക്കലും L1 തെരഞ്ഞെടുപ്പും:

സാങ്കേതിക മൂല്യനിർണ്ണയത്തിൽ 100-ൽ കുറഞ്ഞത് 60 മാർക്കോ അതിൽ കൂടുതലോ നേടി യോഗ്യത നേടുന്ന ഏജൻസികളുടെ ധനകാര്യ ബിഡുകൾ (Cover C) ടെൻഡർ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ച തീയതിയിൽ തുറക്കുന്നതാണ്. ധനകാര്യ ബിഡിലെ എല്ലാ ഇനങ്ങളുടെയും ആകെത്തുക (Sum Total) അടിസ്ഥാനമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന യോഗ്യതയുള്ള ബിഡ്ഡറെ (L1 Bidder) ഈ പ്രവൃത്തിക്കായി തിരഞ്ഞെടുക്കുന്നതാണ്. സാങ്കേതിക മാർക്ക് അടുത്ത ഘട്ടത്തിലേക്ക് യോഗ്യത നേടുന്നതിന് (Qualifying criteria) മാത്രമായിരിക്കും പരിഗണിക്കുന്നത്.

7. ബിഡ് സമർപ്പണ മാർഗ്ഗനിർദ്ദേശങ്ങളും പൊതുവായ വ്യവസ്ഥകളും

1. **സമർപ്പിക്കേണ്ട വിധം:** സാങ്കേതിക ബിഡും ധനകാര്യ ബിഡും വെവ്വേറെ കവറുകളിൽ സീൽ ചെയ്ത് യഥാക്രമം "Cover A – Pre qualification document", "Cover B – Technical Proposal", "Cover C – Financial Proposal" എന്ന് രേഖപ്പെടുത്തണം. ഇവ മൂന്നും കൂടി "Proposal for Selection of Communication Agency for Statewide IEC Activities – Digital Land Survey 2.0" എന്ന് രേഖപ്പെടുത്തിയ വലിയൊരു മാസ്റ്റർ കവറിൽ ഉൾപ്പെടുത്തി സമർപ്പിക്കണം.
2. **നിരക്കുകൾ:** രേഖപ്പെടുത്തിയ നിരക്കുകൾ കരാർ കാലയളവിൽ യാതൊരു കാരണവശാലും മാറ്റാൻ പാടില്ല. നിരക്കുകൾ GST ഉൾപ്പടെയുള്ള തുകയായിരിക്കണം രേഖപ്പെടുത്തേണ്ടത്.
3. **ബൗദ്ധിക സ്വത്തവകാശം (IPR) & ഉടമസ്ഥാവകാശം:** ഈ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിക്കുന്ന എല്ലാ അന്തിമ ഉൽപന്നങ്ങളും, അസംസ്കൃത വീഡിയോകളും (Raw footage), ഓഡിയോ ട്രാക്കുകളും, ഡിസൈൻ ഫയലുകളും, രേഖകളും കേരള സർക്കാർ സർവെ & ലാൻഡ് റെക്കോർഡ്സ് വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലായിരിക്കും. വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ ഇവ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല.

4. **പെർഫോമൻസ് സെക്യൂരിറ്റി:** കരാർ ലഭിക്കുന്ന സ്ഥാപനം, LOA ലഭിച്ച് 5 ദിവസത്തിനകം ₹1,00,000/- (ഒരു ലക്ഷം രൂപ) ബാങ്ക് ഗ്യാരണ്ടിയായോ, സർവെ ഡയറക്ടറുടെ പേരിൽ ലീൻ ചെയ്ത ഫിക്സഡ് ഡെപ്പോസിറ്റായോ, ട്രഷറി ഡെപ്പോസിറ്റായോ സമർപ്പിക്കേണ്ടതാണ്.
5. തിരഞ്ഞെടുക്കപ്പെട്ട ഏജൻസി വര്ക്ക് ഓര്ഡര് നല്കി ഒരാഴ്ചക്കകം സര്വ്വേ ഡയറക്ടറുമായി കരാറില് ഏര്പ്പെടേണ്ടതും, കരാര് സംബന്ധമായ കരട് തയാറാക്കി അന്തിമ അനുമതി വാങ്ങേണ്ടതുമാണ്.

8. ആവശ്യകതകളുടെ പട്ടികയും ധനകാര്യ ബിഡ് ഫോർമാറ്റും

ബിഡ്ഡർമാർ താഴെ പറയുന്ന പട്ടികയിലെ ഓരോ ഇനത്തിനും ഏകീകൃത യൂണിറ്റ് നിരക്ക് രേഖപ്പെടുത്തണം. അപൂർണ്ണമായതോ നിബന്ധനകൾ വെച്ചുള്ളതോ ആയ ബിഡുകൾ നിരസിക്കപ്പെടുന്നതാണ്.

ക്രമ നമ്പർ	Line Items & Description	യൂണിറ്റ് (Unit of Measurement)	ക്വോട്ട് ചെയ്ത നിരക്ക് (രൂപയിൽ, GST ഉൾപ്പെടെ)
1	സമഗ്ര ഐ.ഇ.സി സ്ട്രാറ്റജിക് റോഡ്മാപ്പ്: മൾട്ടി-മീഡിയ പ്ലാൻ, Activity Frequency Calendar, വില്ലേജ് തലം വരെയുള്ള ജനസമ്പർക്ക strategy, ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ, KPI നിരീക്ഷണ ചട്ടക്കൂട് എന്നിവ അടങ്ങിയ പ്ലാൻ.	പ്രോജക്ടിന് ഒരെണ്ണം (Per Strategy Document)	

2	ക്യാമ്പയിൻ സങ്കല്പം, മുദ്രാവാക്യം/ടാഗ്‌ലൈൻ & വിഷ്വൽ ഐഡന്റിറ്റി മാർഗ്ഗരേഖകൾ	പ്രോജക്ടിന് ഒരെണ്ണം (Per Package / Kit)	
3	സോഷ്യൽ മീഡിയ പോസ്റ്ററുകൾ / സ്റ്റാറ്റിക് ഇൻഫോഗ്രാഫിക്കുകൾ (ഡിസൈൻ)	ഡിസൈൻ ഒരെണ്ണത്തിന് (Per Design / Creative)	
4	വിശദീകരണ ഇൻഫോഗ്രാഫിക്കുകൾ / പ്രോസസ് ഗ്രാഫിക് ഗൈഡുകൾ	ഡിസൈൻ ഒരെണ്ണത്തിന് (Per Infographic)	
5	സംശയനിവാരണ കാർഡുകൾ (FAQ Cards) / ഡിജിറ്റൽ പോസ്റ്ററുകൾ	ഒരെണ്ണത്തിന് (Per FAQ Card / Asset)	

6	ഹ്രസ്വ വീഡിയോകള് / സോഷ്യൽ മീഡിയ വെർട്ടിക്കൽ റീലുകൾ (15–60 സെക്കൻഡ്)	വീഡിയോ ഒരെണ്ണത്തിന് (Per Reel / Short Video)	
7	ബോധവൽക്കരണ ടെലിവിഷൻ പരസ്യം (30 സെക്കൻഡ്) വോയ്സ് ഓവർ സഹിതം	പരസ്യം ഒരെണ്ണത്തിന് (Per Produced TVC)	
8	ബോധവൽക്കരണ പരസ്യം / വിശദമായ വീഡിയോ (60 സെക്കൻഡ്) വോയ്സ് ഓവർ സഹിതം	വീഡിയോ ഒരെണ്ണത്തിന് (Per Produced Video)	
9	ആനിമേഷൻ വിശദീകരണ വീഡിയോ ഗ്രാഫിക്സും വോയ്സ് ഓവറും സഹിതം (2–5 മിനിറ്റ്)	വീഡിയോ ഒരെണ്ണത്തിന് (Per Explainer Video)	

10	ഗുണഭോക്താക്കളുടെ അനുഭവ സാക്ഷ്യ വീഡിയോ ("ഡിജിറ്റൽ സർവൈ സ്റ്റോറീസ്")	വീഡിയോ ഒരെണ്ണത്തിന് (Per Case Study Video)	
11	ഷോർട്ട് ഫിലിം / ഡോക്യുമെന്ററി ഫീച്ചർ - സ്ക്രിപ്റ്റിംഗ്, ഹൈ-ഡെഫനിഷൻ ചിത്രീകരണം, പോസ്റ്റ്-പ്രൊഡക്ഷൻ (പരമാവധി 5 മുതൽ 10 മിനിറ്റ് വരെ ദൈർഘ്യം)	വീഡിയോ ഒരെണ്ണത്തിന് (Per Document ary Film - 5 to 10 Mins)	
12	വകുപ്പുതല അറിയിപ്പുകൾ / പരിശീലന ട്യൂട്ടോറിയൽ വീഡിയോകള് (15–30 മിനിറ്റ്)	വീഡിയോ ഒരെണ്ണത്തിന് (Per Training Module)	
13	ജില്ലാതലത്തിൽ പ്രത്യേകമായി തയ്യാറാക്കുന്ന ഡിസൈൻ പാക്കേജുകൾ	പാക്കേജ് ഒരെണ്ണത്തിന് (Per District Kit)	

14	പത്രക്കുറിപ്പുകൾ / ഫീച്ചർ ലേഖനങ്ങൾ (മലയാളം & ഇംഗ്ലീഷ്)	ഒരെണ്ണത്തിന് (Per Press Release / Article)	
15	തുടർച്ചയായ മാധ്യമ ബന്ധങ്ങൾ, പി.ആർ ലെയ്സൺ, പ്രതിദിന മാധ്യമ നിരീക്ഷണം	പ്രതിമാസം (Per Month)	
16	സമ്പൂർണ്ണ സോഷ്യൽ മീഡിയ മാനേജ്മെന്റ്, കമ്മ്യൂണിറ്റി എൻഗേജ്മെന്റ്, SEO, സോഷ്യൽ മീഡിയ പേജ് പ്രൊമോഷൻ	പ്രതിമാസം (Per Month)	
17	വ്യാജവാർത്താ നിരീക്ഷണ സ െൽ, ഫാക്റ്റ്-ചെക്കിംഗ്, ക്രൈസിസ് മാനേജ്മെന്റ്	പ്രതിമാസം (Per Month)	
18	ഡിജിറ്റൽ അനലിറ്റിക്സ് & സെന്റിമെന്റ് അനാലിസിസ് റിപ്പോർട്ടിംഗ്	പ്രതിമാസ റിപ്പ ോർട്ടിന് (Per Monthly Report)	

19	പൂർണ്ണ സജ്ജീകരണങ്ങളോട െയുള്ള LED ഡിസ്പ്ലേ വാൻ, സൗണ്ട് സിസ്റ്റം, ഓപ്പറേറ്റർ/ ഡ്രൈവർ, ജനറേറ്റർ, ബ്രാൻ ഡിംഗ് സഹിതം (പ്രതിദിനം പ രമാവധി 100 കി.മീ ഇന്ധനം ഉൾപ്പെടെ). 100 കി.മീറ്ററിന് മുകളിൽ വാഹ നം ഓടേണ്ടി വരുന്ന സാഹച ര്യങ്ങളിൽ, അധികം വരുന്ന ഓരോ കിലോമീറ്ററിനും നിലവി ലെ സർക്കാർ മോട്ടോർ വെ ഹിക്കിൾ നിരക്ക് പ്രകാരം അ ധിക ഇന്ധനച്ചിലവ് വകുപ്പ് ന ൽകുന്നതാണ്.	ഒരു വാ ഹനത് തിന് പ്ര തിദിനം (Per V ehicle / Per Da y)	
20	എഫ്.എം റേഡിയോ തത്സമ യ ഫോൺ-ഇൻ / സംവേദനാ ത്മക ചർച്ചാ പരിപാടികൾ - സ്ക്രിപ്റ്റിംഗ്, വിദഗ്ധരുടെ പങ്കാ ളിത്തം, പ്രൊഡക്ഷൻ & ഏക ോപനം (Excluding Radio Ch annel Airtime Charges) റേഡിയോ ബ്രോഡ്കാസ്റ്റിംഗ് ചാനൽ ചാർജ്ജുകൾ PRD അം ഗീകൃത നിരക്കിലോ അല്ലെങ്കി ൽ ഒഫീഷ്യൽ ഇൻവോയ്സ് പ്രകാരമോ നൽകുന്നതാണ്.	Per Liv e Radi o Episo de	
21	എഫ്.എം റേഡിയോ ജിംഗിളു കളും ഓഡിയോ പാക്കുകളും (നിർമ്മാണം)	ഒരെണ്ണ ത്തിന് (Per Pr oduced Audio Track)	

22	ആകാശവാണി, എഫ്.എം റേഡിയോ പ്രക്ഷേപണം, ആർ.ജെ (RJ) മെൻഷനുകളും കൃത്യമായി ഏകോപിപ്പിക്കൽ	പ്രതിമാസ ഏകോപനത്തിന് (Per Month / Coordination)	
23	ദൂരദർശൻ, സ്വകാര്യ/പ്രാദേശിക TV ചാനലുകൾ മുഖാന്തിരമുള്ള പ്രചാരണങ്ങൾ ഏകോപിപ്പിക്കൽ	പ്രതിമാസ ഏകോപനത്തിന് (Per Month / Coordination)	
24	സർക്കാരിന്റെയും മറ്റിതര മേളകളുടെയും ഭാഗമായി എക്സിബിഷൻ സ്റ്റാളുകൾ ഡിസൈൻ ചെയ്ത് സജ്ജീകരിക്കൽ (സ്റ്റാൻഡേർഡ് 3m ✕ 3m / 100 Sq. Ft - ഫ്ലോറിംഗ്, ബ്രാൻഡഡ് ഫാബ്രിക്കേഷൻ, ഡിസ്പ്ലേ ബോർഡുകൾ, ലൈറ്റിംഗ്, കൗണ്ടർ സഹിതം)	ഒരു സ്റ്റാളിന് (Per Exhibition Setup)	

കുറിപ്പ്: *ഏറ്റവും കുറഞ്ഞ നിരക്ക് (L1) നിർണ്ണയിക്കുന്നതിനും ധനകാര്യ ബിഡ് വിലയിരുത്തുന്നതിനും മാത്രമായി 24 ഇനങ്ങളുടെയും യൂണിറ്റ് നിരക്കുകളുടെ ആകെത്തുക (Sum Total) പരിഗണിക്കുന്നതാണ്. എന്നിരുന്നാലും, ഏതെങ്കിലും ഇനത്തിന് ക്വോട്ട് ചെയ്ത യൂണിറ്റ് നിരക്ക് നിലവിലെ മാർക്കറ്റ് നിരക്കുകളുമായോ PRD മാനദണ്ഡങ്ങളുമായോ താരതമ്യം ചെയ്യുമ്പോൾ അസ്വാഭാവികമായി ഉയർന്നതോ, അസന്തുലിതമായതോ (skewed), അപ്രായോഗികമായതോ ആയി കണ്ടെത്തിയാൽ, അത്തരം വ്യക്തിഗത ഇനങ്ങളുടെ നിരക്കുകൾ negotiate ചെയ്യാനോ നിരസിക്കാനോ ഉള്ള പൂർണ്ണ അധികാരം വകുപ്പിൽ നിക്ഷിപ്തമായിരിക്കും..*

9. **പേയ്മെന്റ് നിബന്ധനകൾ** (Payment Terms):

7. ഈ ടെൻഡർ പ്രകാരം യാതൊരുവിധ അഡ്വാൻസ് / മുൻകൂർ പേയ്മെന്റും നൽകുന്നതല്ല.
8. നിശ്ചയിക്കപ്പെട്ട ജോലികൾ പൂർണ്ണമായും കൃത്യതയോടെയും തൃപ്തികരമായും പൂർത്തിയാക്കി അംഗീകരിച്ച ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

Standard Submission Annexures

7. അനുബന്ധം 1 : ബിഡ് കവറിംഗ് ലെറ്റർ (Bid Covering Letter)
8. അനുബന്ധം 2: ബിഡ്ഡറുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫോം
9. അനുബന്ധം 3: കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്ന സത്യവാങ്മൂലവും ഇന്റഗ്രിറ്റി പാക്റ്റും
10. അനുബന്ധം 4: ഫിനാൻഷ്യൽ ബിഡ് സത്യവാങ്മൂലവും നിരക്ക് വിവര പട്ടികയും
11. അനുബന്ധം 5: പെർഫോമൻസ് സെക്യൂരിറ്റിക്കായുള്ള ബാങ്ക് ഗ്യാരണ്ടി ഫോർമാറ്റ്

ഡയറക്ടർ

Annexure 1: Bid Covering Letter

(To be printed on the official letterhead of the bidding agency)

To:

The Director of Survey and Land Records,

Directorate of Survey & Land Records, Survey Bhavan,

Vazhuthacaud, Thiruvananthapuram, Kerala – 695014

Sub: Bid Submission for RFP No. DSLR/2185/2026-L1 – Statewide IEC Activities for Digital Land Survey 2.0

Sir,

Having examined the RFP document, the receipt of which is hereby acknowledged, we, the undersigned, offer to execute the Statewide Information, Education, and Communication (IEC) & Strategic Media Campaign for Digital Land Survey 2.0 in complete conformity with the terms, conditions, and specifications set forth in this document.

We hereby declare and confirm that:

1. We are authorized to represent and act on behalf of [Insert Agency Name].
2. We have reviewed the entire document, understand all tender provisions, and accept them without caveat or condition.
3. The prices quoted in our Financial Bid (Cover C) remain firm for the entire contract period and are inclusive of GST.
4. All statements, technical credentials, and portfolio submissions enclosed in this tender packet are complete, authentic, and factual. Any falsification discovered will result in disqualification, forfeiture of performance guarantees, and formal blacklisting.

We remain committed to this proposal for a period of 90 days from the deadline for bid submission.

Sincerely,

(Authorized Signatory Signature)

Name: [Insert Full Name]

Designation: [Insert Official Designation]

Agency Seal:

Date: [DD/MM/YYYY]

Annexure 2: Bidder Identification & Information Sheet

Sl. No.	Field	Detail
1	Name of Bidding Agency	
2	Legal Entity Type (Pvt Ltd / Public Ltd / LLP / Firm)	
3	Date and Place of Incorporation / Registration	
4	Registered Office Address	
5	Regional / Operational Office Address within Kerala	
6	GSTIN & Permanent Account Number (PAN)	
7	Name, Designation & Phone of Authorized Signatory	
8	Single Point of Contact (SPOC) Name, Mobile & Email ID	

Annexure 3: Undertaking on Non-Blacklisting & Integrity Pact

(To be executed on ₹200 Non-Judicial Kerala Stamp Paper, duly attested by a Notary Public)

UNDERTAKING & INTEGRITY DECLARATION

To,

The Director of Survey and Land Records,

Directorate of Survey & Land Records, Survey Bhavan,

Vazhuthacaud, Thiruvananthapuram, Kerala – 695014

Sub: Undertaking of Non-Blacklisting and Integrity Declaration for Digital Land Survey 2.0 IEC Campaign (RFP Ref No: DSLR/2185/2026-L1)

I/We, [Name of Authorized Signatory], in my/our capacity as the [Designation] of [Name of Bidding Entity / Agency], having its registered office at [Registered Office Address], do hereby solemnly affirm, declare, and covenant as follows:

1. **Absence of Debarment / Blacklisting:** That our firm/company

has neither been debarred, blacklisted, suspended, nor terminated for default by the Government of Kerala, any other State Government, the Government of India, Public Sector Undertakings (PSUs), or any court of law from participating in public procurement processes as on the bid submission due date.

2. **Absence of Corrupt / Fraudulent Practices:** That the agency, its directors, partners, or associates have not been convicted of any criminal offense related to professional conduct, corrupt practices, fraudulent representations, collusive agreements, or coercion in obtaining or executing public contracts.
3. **Integrity Pact Commitment:** That we have neither employed nor engaged any broker, commission agent, or undisclosed intermediary for this bidding process, and no commission, consideration, gift, or inducement has been paid or agreed to be paid to any officer or representative of the Department of Survey and Land Records.
4. **Veracity of Information:** That all statements, statutory certificates, client credentials, and financial figures submitted in our Technical and Financial Proposal are true, genuine, and authentic. In the event any detail is discovered to be inaccurate, falsified, or deliberately suppressed at any point during bid evaluation or contract execution, the Directorate of Survey and Land Records reserves the unconditioned right to reject our proposal, terminate the agreement forthwith, forfeit the Performance Security deposit, and recommend blacklisting under applicable state procurement guidelines.

Solemnly affirmed and signed on this [Date] day of [Month], 2026 at [Place].

(Signature of Authorized Signatory)

Name: [Full Name]

Designation: [Designation]

Agency Common Seal:

Witness 1:

Signature: __________________

Name & Address: __________________

Witness 2:

Signature: __________________

Name & Address: __________________

Annexure 4: Financial Bid Undertaking & Form of Price Schedule

(To be printed on the official letterhead of the bidding agency and placed strictly within Cover C – Financial Proposal)

FINANCIAL PROPOSAL SUBMISSION FORM

To:

The Director of Survey and Land Records,

Directorate of Survey & Land Records, Survey Bhavan,

Vazhuthacaud, Thiruvananthapuram, Kerala – 695014

Sub: Financial Proposal Submission for RFP Ref No: DSLR/2185/2026-L1 – Digital Land Survey 2.0 IEC Activities

Sir,

1. We, the undersigned, offer to provide full-scope communication and IEC services for Digital Land Survey 2.0 in conformity with the Request for Proposal and our Technical Bid.
2. Our enclosed Financial Bid sets forth the all-inclusive unit rates for every item specified in the Schedule of Requirements.

3. We acknowledge and accept that:
7. All rates quoted are **Inclusive of Goods and Services Tax (GST)** .
8. All statutory deductions, including TDS under Income Tax and GST-TDS, will be deducted at source at applicable rates during monthly invoice settlement.
9. The quoted rates will remain fixed, unconditional, and binding throughout the contract period and any subsequent extension period granted.
10. Actual billings will be determined by verified work orders issued by the Department and evaluated strictly against the approved quoted unit rates.

Master Price Schedule (Financial proposal)

ക്രമ നമ്പർ	Line Items & Description	യൂണിറ്റ് (Unit of Measurement)	ക്വോട്ട് ചെയ്ത നിരക്ക് (രൂപയിൽ, GST ഉൾപ്പെടെ)
1	സമഗ്ര ഐ.ഇ.സി സ്ട്രാറ്റജിക് റോഡ്മാപ്പ്: മൾട്ടി-മീഡിയ പ്ലാൻ, Activity Frequency Calendar, വില്ലേജ് തലം വരെയുള്ള ജനസമ്പർക്ക strategy, ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ, KPI നിരീക്ഷണ ചട്ടക്കൂട് എന്നിവ അടങ്ങിയ പ്ലാൻ.	പ്രോജക്ടിന് ഒരെണ്ണം (Per Strategy Document)	
2	ക്യാമ്പയിൻ സങ്കല്പം, മുദ്രാവാക്യം/ടാഗ്‌ലൈൻ & വിഷ്വൽ ഐഡന്റിറ്റി മാർഗ്ഗരേഖകൾ	പ്രോജക്ടിന് ഒരെണ്ണം (Per Package / Kit)	

3	സോഷ്യൽ മീഡിയ പോസ്റ്ററുകൾ / സ്റ്റാറ്റിക് ഇൻഫോഗ്രാഫിക്സുകൾ (ഡിസൈൻ)	ഡിസൈൻ ഒരെണ്ണത്തിന് (Per Design / Creative)	
4	വിശദീകരണ ഇൻഫോഗ്രാഫിക്സുകൾ / പ്രോസസ് ഗ്രാഫിക് ഗൈഡുകൾ	ഡിസൈൻ ഒരെണ്ണത്തിന് (Per Infographic)	
5	സംശയനിവാരണ കാർഡുകൾ (FAQ Cards) / ഡിജിറ്റൽ പോസ്റ്ററുകൾ	ഒരെണ്ണത്തിന് (Per FAQ Card / Asset)	
6	ഹ്രസ്വ വീഡിയോകള് / സോഷ്യൽ മീഡിയ വെർട്ടിക്കൽ റീലുകൾ (15–60 സെക്കൻഡ്)	വീഡിയോ ഒരെണ്ണത്തിന് (Per Reel / Short Video)	
7	ബോധവൽക്കരണ ടെലിവിഷൻ പരസ്യം (30 സെക്കൻഡ്) വോയ്സ് ഓവർ സഹിതം	പരസ്യം ഒരെണ്ണത്തിന് (Per Produced TVC)	
8	ബോധവൽക്കരണ പരസ്യം / വിശദമായ വീഡിയോ (60 സെക്കൻഡ്) വോയ്സ് ഓവർ സഹിതം	വീഡിയോ ഒരെണ്ണത്തിന് (Per Produced Video)	

9	ആനിമേഷൻ വിശദീകരണ വീഡിയോ ഗ്രാഫിക്സും വോയ്സ് ഓവറും സഹിതം (2–5 മിനിറ്റ്)	വീഡിയോ ഒരെണ്ണത്തിന് (Per Explainer Video)	
10	ഉണഭോക്താക്കളുടെ അനുഭവസാക്ഷ്യ വീഡിയോ ("ഡിജിറ്റൽ സർവെ സ്റ്റോറീസ്")	വീഡിയോ ഒരെണ്ണത്തിന് (Per Case Study Video)	
11	ഷോർട്ട് ഫിലിം / ഡോക്യുമെന്ററി ഫീച്ചർ - സ്ക്രിപ്റ്റിംഗ്, ഹൈ-ഡെഫനിഷൻ ചിത്രീകരണം, പോസ്റ്റ്-പ്രൊഡക്ഷൻ (പരമാവധി 5 മുതൽ 10 മിനിറ്റ് വരെ ദൈർഘ്യം)	വീഡിയോ ഒരെണ്ണത്തിന് (Per Documentary Film - 5 to 10 Mins)	
12	വകുപ്പുതല അറിയിപ്പുകൾ / പരിശീലന ട്യൂട്ടോറിയൽ വീഡിയോകള് (15–30 മിനിറ്റ്)	വീഡിയോ ഒരെണ്ണത്തിന് (Per Training Module)	
13	ജില്ലാതലത്തിൽ പ്രത്യേകമായി തയ്യാറാക്കുന്ന ഡിസൈൻ പാക്കേജുകൾ	പാക്കേജ് ഒരെണ്ണത്തിന് (Per District Kit)	
14	പത്രക്കുറിപ്പുകൾ / ഫീച്ചർ ലേഖനങ്ങൾ (മലയാളം & ഇംഗ്ലീഷ്)	ഒരെണ്ണത്തിന് (Per Press Release / Article)	

15	തുടർച്ചയായ മാധ്യമ ബന്ധങ്ങൾ, പി.ആർ ലെയ്സൺ, പ്രതിദിന മാധ്യമ നിരീക്ഷണം	പ്രതിമാസം (Per Month)	
16	സമ്പൂർണ്ണ സോഷ്യൽ മീഡിയ മാനേജ്മെന്റ്, കമ്മ്യൂണിറ്റി എൻഗേജ്മെന്റ്, SEO, സോഷ്യൽ മീഡിയ പേജ് പ്രൊമോഷൻ	പ്രതിമാസം (Per Month)	
17	വ്യാജവാർത്താ നിരീക്ഷണ സെൽ, ഫാക്ട്-ചെക്കിംഗ്, ക്രൈസിസ് മാനേജ്മെന്റ്	പ്രതിമാസം (Per Month)	
18	ഡിജിറ്റൽ അനലിറ്റിക്സ് & സെന്റിമെന്റ് അനാലിസിസ് റിപ്പോർട്ടിംഗ്	പ്രതിമാസ റിപ്പോർട്ടിന് (Per Monthly Report)	
19	പൂർണ്ണ സജ്ജീകരണങ്ങളോടെയുള്ള LED ഡിസ്പ്ലേ വാൻ, സൗണ്ട് സിസ്റ്റം, ഓപ്പറേറ്റർ/ഡ്രൈവർ, ജനറേറ്റർ, ബ്രാൻഡിംഗ് സഹിതം (പ്രതിദിനം പരമാവധി 100 കി.മീ ഇന്ധനം ഉൾപ്പെടെ). 100 കി.മീറ്ററിന് മുകളിൽ വാഹനം ഓടേണ്ടി വരുന്ന സാഹചര്യങ്ങളിൽ, അധികം വരുന്ന ഓരോ കിലോമീറ്ററിനും നിലവിലെ സർക്കാർ മോട്ടോർ വെഹിക്കിൾ നിരക്ക് പ്രകാരം അധിക ഇന്ധനച്ചിലവ് വകുപ്പ് നൽകുന്നതാണ്.	ഒരു വാഹനത്തിന് പ്രതിദിനം (Per Vehicle / Per Day)	

20	എഫ്.എം റേഡിയോ തത്സമയ ഫോൺ-ഇൻ / സംവേദനാത്മക ചർച്ചാ പരിപാടികൾ - സ്ക്രിപ്റ്റിംഗ്, വിദഗ്ധരുടെ പങ്കാളിത്തം, പ്രൊഡക്ഷൻ & ഏകോപനം (Excluding Radio Channel Airtime Charges) റേഡിയോ ബ്രോഡ്കാസ്റ്റിംഗ് ചാനൽ ചാർജ്ജുകൾ PRD അംഗീകൃത നിരക്കിലോ അല്ലെങ്കിൽ ഒഫീഷ്യൽ ഇൻവോയ്സ് പ്രകാരമോ നൽകുന്നതാണ്.	Per Live Radio Episode	
21	എഫ്.എം റേഡിയോ ജിംഗിളുകളും ഓഡിയോ പാക്കുകളും (നിർമ്മാണം)	ഒരെണ്ണത്തിന് (Per Produced Audio Track)	
22	ആകാശവാണി, എഫ്.എം റേഡിയോ പ്രക്ഷേപണം, ആർ.ജെ (RJ) മെൻഷനുകളും കൃത്യമായി ഏകോപിപ്പിക്കൽ	പ്രതിമാസ ഏകോപനത്തിന് (Per Month / Coordination)	
23	ദൂരദർശൻ, സ്വകാര്യ/പ്രാദേശിക TV ചാനലുകൾ മുഖാന്തിരമുള്ള പ്രചാരണങ്ങൾ ഏകോപിപ്പിക്കൽ	പ്രതിമാസ ഏകോപനത്തിന് (Per Month / Coordination)	

24	സർക്കാരിന്റെയും മറ്റിതര മേളകളുടെയും ഭാഗമായി എക്സിബിഷൻ സ്റ്റാളുകൾ ഡിസൈൻ ചെയ്ത് സജ്ജീകരിക്കൽ (സ്റ്റാൻഡേർഡ് 3m ✕ 3m / 100 Sq.Ft - ഫ്ലോറിംഗ്, ബ്രാൻഡഡ് ഫാബ്രിക്കേഷൻ, ഡിസ്പ്ലേ ബോർഡുകൾ, ലൈറ്റിംഗ്, കൗണ്ടർ സഹിതം)	ഒരു സ്റ്റാളിന് (Per Exhibition Setup)	

Total Quoted Rate (Sum Total of Sl. 1 to 24 for Financial Evaluation Purposes):

In Figures: ₹____________________

In Words: Rupees ____ only.

(Signature of Authorized Signatory)

Name & Designation: [Name, Designation]

Agency Seal:

Date: [DD/MM/YYYY]

Annexure 5: Format for Bank Guarantee for Performance Security

(To be stamped in accordance with the Stamp Act on Non-Judicial Stamp Paper of appropriate value)

PERFORMANCE BANK GUARANTEE

To:

The Governor of Kerala,

Represented by the Director of Survey and Land Records,

Directorate of Survey & Land Records, Survey Bhavan,

Vazhuthacaud, Thiruvananthapuram, Kerala – 695014

WHEREAS:

A. [Name and address of Agency] (hereinafter called "the Agency") has undertaken, in pursuance of Letter of Acceptance (LOA) / Agreement No. [Contract No.] dated [Date] to execute the Statewide Information, Education, and Communication (IEC) & Strategic Media Campaign for Digital Land Survey 2.0 (hereinafter called "the Contract").

B. It is stipulated in the Contract conditions that the Agency shall furnish an Irrevocable Performance Bank Guarantee from a Nationalized or Scheduled Commercial Bank for an amount of **₹1,00,000/- (Rupees One Lakh only)** as security for compliance with its statutory and performance obligations under the Contract.

C. We, [Name of the Bank], having our registered corporate office at [Bank Registered Address] and branch office at [Local Branch Address, Kerala] (hereinafter called "the Bank"), have agreed to furnish this Guarantee on behalf of the Agency.

NOW THEREFORE this Guarantee witnesseth:

1. The Bank hereby irrevocably, unconditionally, and absolutely guarantees and undertakes to pay to the Director of Survey and Land Records, Government of Kerala, an amount not exceeding **₹1,00,000/- (Rupees One Lakh only)** upon receipt of the Department's first written demand stating that the Agency is in breach or default of its contractual obligations, performance standards, or deliverables, without requiring the Department to prove or demonstrate grounds or reasons for such demand.
2. Any such written demand made by the Director of Survey and Land Records shall be final, binding, and conclusive against the Bank,

notwithstanding any dispute, protest, or proceeding pending between the Agency and the Department before any court, tribunal, or arbitrator.

3. This Guarantee shall remain valid for an initial period up to [Insert Date: 12 months + 60 days beyond original contract completion date]. If the contract period is extended for any reason, the Bank undertakes to renew and extend the validity of this Guarantee by such period plus 60 days upon request by the Agency or the Department.
4. The Bank's liability under this Guarantee is strictly restricted to **₹1,00,000/- (Rupees One Lakh only)**. This Guarantee shall remain in full force and effect until the stipulated expiry date or the issuance of a written discharge letter by the Director of Survey and Land Records, whichever is earlier.
5. Unless a demand or claim in writing is presented to the Bank on or before the expiry date (or extended expiry date), all rights of the Department under this Guarantee shall be forfeited, and the Bank shall be fully released and discharged from all liabilities hereunder.

IN WITNESS WHEREOF, the Bank, through its authorized officers, has executed this Guarantee on this [Date] day of [Month], 2026.

(Signature of Authorized Bank Official)

Name: ________________________

Designation / Power of Attorney No.: ________________________

Bank Branch Seal:

Witness 1:

Signature: ________________

Name & Address: ________________

Witness 2:

Signature: ________________

Name & Address: ________________

Digitally signed by
Dr. Arun. J.O
Date: 07-10-2026
18:25:56